"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കൊല്ലം കടയ്ക്കോട് എസ് എൻ സംസ്കൃത ഹൈ സ്കൂളിലെ യു പി എസ് ടി ശ്രീ അരുൺരാജ് ആർ ബഹു ഹൈ കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 9023/2021 കേസിലെ 17.9.2021 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.160/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 07/01/2022

---

പരാമർശം:- 1. ശ്രീ അരുൺരാജ് ആർ സമർപ്പിച്ച 27.7.2021 ലെ ഹർജി (Ext P9)

2. ശ്രീ അരുൺരാജ് ആർ ഫയൽ ചെയ്ത WP(C) No. 9023/2021 കേസിലെ 17.9.2021 ലെ വിധിന്യായം

3. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18.11.2021 ലെ B1/1499/2021 നമ്പർ കത്ത്.

4. കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 9.12.2021 ലെ DDEKLM/13505/2021-B4 നമ്പർ കത്ത്.

5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.12.2021 ലെ ET1/12516/2021/DGE നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം കടയ്ക്കോട് എസ് എൻ സംസ്കൃത ഹൈ സ്കൂളിലെ യു പി എസ് ടി ശ്രീ അരുൺരാജ് ആർ ഫയൽ ചെയ്ത WP(C) No. 9023/2021 കേസിലെ 17.9.2021 ലെ വിധിന്യായ പ്രകാരം ഹർജിക്കാരൻ സമർപ്പിച്ച Ext P9 ഹർജിയിൽ ഹർജിക്കാരൻ , മാനേജർ എന്നിവരെ നേരിൽ കേട്ട് തീരുമാനമെടുക്കാൻ സർക്കാരിന് നിർദേശം ലഭിക്കുകയുണ്ടായി . ഇതിന്റെ അടിസ്ഥാനത്തിൽ ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ 4.12.2021-ന് കേട്ടു.

2) **<u>ഹർജിക്കാരന്റെ വാദം ചുവടെചേർക്കുന്നു.</u>**

എ) Sree Narayana Guru Sanskrit High School Kadaikodu (SNGSHS) is an aided School managed by the 1st respondent and coming under the 2nd respondent. As per Order dated 01/06/2016 the manager appointed the petitioner as Upper Primary School Teacher in the School in a Promotion vacancy and the petitioner joined service on 01/06/2016. The Manager submitted the Appointment Order for approval to the DEO Kottarakkara. As per order dated 13/04/2016 the DEO Kottarakkara refused to give approval, against which the Manager filed Appeal before the Deputy Director of Education Kollam which was rejected as per order dated 23/09/2016, against which the Manager filed Revision before the Director of the Public Instruction Trivandrum, which was also rejected as per order dated 18/07/2018, against which the Manager filed Revision before the Government and as per G.O(Rt) No.2247/2019/DGE dated 11/06/2019 Government rejected the Revision on the ground that as per GO(P) 199/2016/DGE dated 29/01/2016, the 1st vacancy after giving appointment to the statutory claimants shall be given to the protected teachers and appointment order dated 01/06/2016 appointing petitioner as UPST did not satisfy this condition.

ബി) As per GO(P) No.04/2021/GE dated 06/02/2021, Government issued direction/guidelines regarding the approval of appointments of protected teachers, as per which the petitioner is entitled to get approval of appointment as Upper Primary School Teacher in Sree Narayana Guru Sanskrit High School Kadaikodu.

സി) As per Clause 9 of the order, the rejected appointment proposals shall be considered without orders from the Appellate Authority. As per the Application and Sworn Statement dated 08/04/2019 submitted before the DEO Kottarakara, the Manager gave undertaking that the next arising vacancy will be given to Protected Teachers.

ഡി) Consequent to the order dated 11/06/2019 the Manager instructed the petitioner to discontinue service and from June 2019 onwards the petitioner is not attending the School.

ഇ) The petitioner submitted application dated 01/04/2021 to the 2nd respondent for approving the appointment, for payment of salary and other benefits, for rejoining service and other reliefs. The Petitioner filed application dated 01/04/2021 to the 2nd respondent for approving the appointment on the basis of the Order No. GO(P) No. 04/2021 dated 06/02/2021. As per order No. D4-1499/2021 dated 30/04/2021 the DEO rejected the application for approval. Aggrieved by the Order No. D4-1499/2021 dated 30/04/2021 of DEO, Kottarakkara the above revision is filed.

എഫ്) The petitioner was appointed as UPSA as per order dated 01/06/2016 of the 1st respondent and he worked as UPSA from 01/06/2016 to 06/06/2019 (3 years). The appointment was not approved and on that basis as directed by the manager the petitioner was not attending the school from June 2019 onwards. Government issued guidelines dated 06/02/2021 for approving the appointment and as per the guidelines the appointment of the petitioner is liable to be approved without the orders of Appellate Authority and under that circumstance the petitioner filed application for approval before the 2nd respondent which was rejected. In the light of the

guidelines issued by the Government the 2nd respondent ought to have approved the appointment of the petitioner.

ജി) The reasons given by the 2nd respondent for rejecting approval of appointment are without any basis. The statement in the order that the petitioner resigned from service is incorrect and is denied. From June 2019 onwards in the light of the order of the Government rejecting approval of appointment the manager instructed the petitioner not to attend the school on that basis the petitioner was prevented from attending the School. The manager did not withdraw the appointment order and contrary statement is incorrect and is denied. The manager has no right or authority to withdraw the appointment order issued to the petitioner after 3 years of service unilaterally. The manager submitted consent letter consenting to appoint protected teachers in the School and statement to the contrary made by the 2nd respondent in the Order rejecting approval is incorrect.

എച്ച്) For the reasons stated above it is humbly prayed this honourable authority may call for the records leading to the order No. G4/1499/2021 dated 30/04/2021 of the DEO Kottarakara and,

a) Set aside the Order No. G4/1499/2021 dated 30/04/2021 of the DEO Kottarakara rejecting approval of appointment of the Petitioner as UPST in Sree Narayana Guru Sanskrit High School Kadaikodu (SNGSHS).

b) Order approval of the appointment order dated 01/06/2016 of the manager appointing the petitioner as UPST in Sree Narayana Guru Sanskrit High School Kadaikodu.

3) <u>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.</u>

എ) കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിലുള്ള എസ്.എൻ.ജി.എസ്.എച്ച്.എസ് കടയ്ക്കോട് സ്കൂളിൽ 2010-2011 വർഷം യു.പി വിഭാഗത്തിൽ ആറ് ഡിവിഷനും ആറ് യു.പി.എസ്.ടി തസ്തികയുമാണ് അനുവദിച്ചിരുന്നത്. 29/01/2016 ലെ സ.ഉ നം. 29/16/പൊ.വി.വ പ്രകാരം 2011-2012 മുതലുള്ള തസ്തിക നിർണ്ണയം പുന:നിർണ്ണയിച്ച് നൽകിയത് പ്രകാരം 2013-14 ൽ ഒരു യു.പി.എസ്.റ്റി തസ്തിക വീണ്ടും കുറയുകയും അഞ്ചായി മാറുകയും ചെയ്തു. 2014-2015 ൽ തസ്തിക നിർണ്ണയം നടന്നപ്പോൾ 6 യു.പി.എസ്.ടി തസ്തിക അനുവദനീയമായിരുന്നു. എന്നാൽ 5 യു.പി.എസ്.റ്റി മാർ മാത്രമാണ് ആ വർഷം ജോലി ചെയ്തത്. 2015-2016 വർഷവും അനുവദിക്കാവുന്ന അധിക തസ്തികയിൽ മാനേജർ നിയമനം നടത്താത്തതിനാൽ ആറാമത്തെ തസ്തിക അനുവദിച്ച് നൽകിയിരുന്നില്ല. 2016-2017 വർഷത്തെ തസ്തിക നിർണ്ണയത്തിൽ ആറാമത്തെ അധിക തസ്തിക അനുവദിക്കുകയും മാനേജർ 01/06/2016 മുതൽ ശ്രീ.അരുൺ രാജിനെ യു.പി.എസ്.റ്റി യായി നിയമിക്കുകയും ചെയ്തു.

ബി) 2014-2015 വർഷത്തിൽ ഈ സ്കൂളിൽ ഒരു എച്ച്.എസ്.റ്റി (എസ്.എസ്) റിട്ടയർ

ആവുകയും നിലനിന്ന അഞ്ചു യു.പി.എസ്.റ്റി മാരിൽ ഒരു യു.പി.എസ്.റ്റി യ്ക്ക് പ്രൊമോഷൻ നൽകുകയും പരിണത ഒഴിവിൽ ശ്രീമതി. രമ്യ. ആർ നെ യു.പി.എസ്.റ്റി യായി നിയമിക്കുകയും രണ്ട് നിയമനങ്ങളും കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും അംഗീകരിക്കുകയും ചെയ്തു. ആറാമത്തെ തസ്തിക 2015-2016 നെ അപേക്ഷിച്ച് അധിക തസ്തികയായതിനാൽ ഈ തസ്തികയിൽ നിയമിച്ച ശ്രീ.അരുൺ രാജിന്റെ നിയമനം കെ.ഇ.ആർ അധ്യായം XXI ചട്ടം 7(2) പ്രകാരം 1:1 എന്ന അനുപാത പ്രകാരമുള്ള വ്യവസ്ഥ പാലിച്ചിട്ടില്ലാത്തതിനാൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചു ഉത്തരവാകുകയും ചെയ്തു. തുടർന്ന് മനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്കും, ഈ കാര്യാലയത്തിലും, സർക്കാരിലും അപ്പീൽ നൽകുകയും ആയത് നിരസിക്കുകയും ചെയ്തു.

സി) 13/06/2019 ലെ മാനേജരുടെ 03/19-20 കത്തു പ്രകാരം ടിയാൻ സർവ്വീസിൽ തുടരാൻ ആഗ്രഹിക്കുന്നില്ലെന്നും രാജികത്ത് നൽകിയത് പ്രകാരം നിയമന ഉത്തരവ് പിൻവലിച്ചിട്ടുള്ളതാണെന്നും കൂടാതെ ടി നിയമനാർത്ഥിക്ക് നിയമനം ആവശ്യപ്പെട്ടു കൊണ്ട് പ്രസ്തുത മാനേജർ സർക്കാർ ഉത്തരവ് 04/2021 പ്രകാരം സമ്മതപത്രം സമർപ്പിച്ചിട്ടില്ലായെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്

4) **ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.**

എ) കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിലുള്ള സംസ്കൃതം ഓറിയന്റൽ വിഭാഗത്തിലുള്ള എയ്ഡഡ് ഹൈസ്കൂളാണ് എസ്.എൻ.ജി.എസ്.എച്ച്.എസ് കടയ്ക്കോട്. ടി സ്കൂൾ 1979-1990 കാലഘട്ടത്തിനിടയിൽ അപ്ഗ്രേഡ് ചെയ്തിട്ടുള്ളതാണ്. ടി സ്കൂളിൽ 2010-2011 വർഷത്തിൽ 6 യു.പി.എസ്.ടി തസ്തികയും 6 അദ്ധ്യാപകരും ജോലി ചെയ്തിരുന്നു. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ തസ്തിക നിർണ്ണയം നടന്നിരുന്നില്ല. പിന്നീട് 2013-14 വർഷം ടി സ്കൂളിൽ എച്ച്.എസ്.എ (ഗണിതം) തസ്തികയിൽ റിട്ടയർമെന്റ് ഒഴിവ് വരികയും യു.പി.എസ്.ടി ആയിരുന്ന ശ്രീമതി. ലക്ഷ്മി.ജി.എസ്-ന് എച്ച്.എസ്.എ ആയി പ്രൊമോഷൻ നൽകുകയും ചെയ്തു. 2013-2014 വർഷത്തിൽ 1 യു.പി.എസ്.ടി തസ്തിക കുറഞ്ഞ് 5 തസ്തികയായി മാറി. എന്നാൽ ശ്രീമതി. ലക്ഷ്മി.ജി.എസ്-നെ എച്ച്.എസ്.എ (ഗണിതം) ആയി സ്ഥാനക്കയറ്റം നൽകിയതിനാൽ തസ്തിക കുറവ് ആരെയും ബാധിച്ചില്ല. 5 യു.പി.എസ്.ടി.മാർക്കും നിലനിൽക്കാൻ തസ്തിക ലഭ്യമായിരുന്നു. 2014-15 ലെ തസ്തിക നിർണ്ണയത്തിൽ 6 യു.പി.എസ്.ടി തസ്തിക അനുവദനീയമായിരുന്നു. എന്നാൽ 2014-2015 ൽ ശ്രീമതി. ഹരിശ്രീ.ജെ (യു.പി.എസ്.ടി) യ്ക്ക് എച്ച്.എസ്.ടി (ഗണിതം) തസ്തികയിലെ ഒരു റിട്ടയർമെന്റ് ഒഴിവിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. ആയതിനാൽ 2014-15 ലും 2015-2016 ലും 4 യു.പി.എസ്.ടിമാർ മാത്രമാണ് ജോലി ചെയ്തിരുന്നത്.

ബി) ആറാമത്തെ അധിക തസ്തികയിൽ മാനേജർ നിയമനം നടത്തിയിരുന്നില്ല. ആയതിനാൽ 2015-2016 വർഷം ആറാമത്തെ തസ്തിക അനുവദിച്ചിരുന്നില്ല. 2016-17 വർഷത്തിലെ തസ്തിക നിർണ്ണയത്തിൽ ആറാമത്തെ അധിക തസ്തിക അനുവദിച്ചു. 2016-17 ൽ ഒരു അധിക തസ്തികയും നിലവിലുണ്ട്. തുടർന്ന് 5-ാമത്തെ തസ്തികയിൽ ശ്രീമതി.രമ്യ.ആർ-നെയും 6-ാമത്തെ അധിക തസ്തികയിൽ ശ്രീ.അരുൺ രാജ്.ആർ-നെയും നിയമിച്ചു. എന്നാൽ 01/06/2016 മുതൽ ശ്രീമതി. രമ്യ.ആർ-നെ ശ്രീമതി.ലക്ഷ്മി.ജി.എസ്.ന്റെ പ്രൊമോഷൻ ഒഴിവിലും, ശ്രീ.അരുൺരാജ്.ആർ-നെ 01/06/2016 മുതൽ ശ്രീമതി. ഹരിശ്രീ.ജെ-യുടെ പ്രൊമോഷൻ ഒഴിവിലും നിയമിച്ചതായി തെറ്റായി കാണിച്ചാണ് പ്രൊമോഷൻ ഈ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നത്. G.O(P) No.29/2016/Fin dated 29/01/2016 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി നിയമനങ്ങൾ പരിഗണിച്ചപ്പോൾ 5-ാമത്തെ

തസ്തികയിൽ നിയമിതയായ ശ്രീമതി.രമ്യ.ആർ-ന്റെ നിയമനം അംഗീകരിക്കുകയും 6-ാമത്തെ അധിക തസ്തികയിലുള്ള ശ്രീ. അരുൺ രാജ്-ന്റെ നിയമനം കെ.ഇ.ആർ അദ്ധ്യായം 14 ചട്ടം 7 പ്രകാരം അധിക തസ്തികയിലെ ആദ്യ നിയമനം സംരക്ഷിതാദ്ധ്യാപകരെ കൊണ്ട് നികത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ നിരസിച്ച് നൽകുകയും ചെയ്തു.

സി) തുടർന്ന് സർക്കാർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവിടങ്ങളിലായി അപ്പീൽ നൽകുകയും സ.ഉ(സാധാ) നം.2247/19/പൊ.വി.വ തീയതി 11/06/2019 പ്രകാരം നിരസിക്കുകയും ചെയ്തിട്ടുള്ളതാണ്. 13/06/2019 ലെ 3/2019-20 കത്ത് പ്രകാരം ശ്രീ. അരുൺ രാജ് 2019-2020 അദ്ധ്യയന വർഷാരംഭം മുതൽ ജോലിയിൽ തുടരുന്നില്ലെന്ന് അറിയിച്ചുകൊണ്ട് രാജിക്കത്ത് നൽകിയതായും സ്കൂളിൽ വരാതിരിക്കുകയാണെന്നും മാനേജർ അറിയിച്ചിട്ടുണ്ട്. ടിയാനെ നിയമിച്ച ഉത്തരവ് മടക്കി നൽകണമെന്നും ആവശ്യപ്പെട്ട് മാനേജർ കത്ത് നൽകിയത് പ്രകാരം ടി നിയമന പ്രൊപ്പോസൽ തിരികെ നൽകിയിട്ടുള്ളതുമാണ്. കൂടാതെ ടി നിയമനാർത്ഥിക്ക് നിയമനം ആവശ്യപ്പെട്ട് മാനേജർ സർക്കാർ ഉത്തരവ് 4/2021 പ്രകാരം സമ്മതപത്രം സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു. ടിയാൻ നിലവിൽ മലപ്പുറം ജില്ലയിൽ എൽ.പി.എസ്.ടി ആയി ജോലി ചെയ്ത് വരുന്നതായി അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ട വിവരം കൂടി അറിയിച്ചുകൊള്ളുന്നു.

5) മേല്പറഞ്ഞ വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. 2016-2017 വർഷത്തെ തസ്തിക നിർണ്ണയത്തിൽ ആറാമത്തെ അധിക തസ്തിക അനുവദിക്കുകയും പ്രസ്തുത തസ്തികയിൽ മാനേജർ 01/06/2016 മുതൽ ശ്രീ.അരുൺ രാജിനെ യു.പി.എസ്.റ്റി യായി നിയമിക്കുകയും ചെയ്തതിന്റെ അംഗീകാരത്തിനായാണ് ഹർജിക്കാരൻ ആവശ്യപ്പെടുന്നത്. ഈ ആവശ്യം മുമ്പ് വിവിധ തലങ്ങളിൽ പരിശോധിക്കപ്പെടുകയും കെ.ഇ.ആർ അദ്ധ്യായം XXI ലെ വിവിധ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് നിയമനം നടത്തിയതെന്ന് കണ്ടെത്തിയതിനാൽ നിരസിക്കപ്പെടുകയും ചെയ്തിരുന്നു. അതായത്, പ്രസ്തുത നിയമനാംഗീകാരം നിരസിച്ച ഉത്തരവുകൾ അന്തിമമായിക്കഴിഞ്ഞു. ഇക്കാര്യം ബോദ്ധ്യമായതോടെ, അല്ലെങ്കിൽ, ചട്ടവിരുദ്ധമായ നിയമനത്തിന് അംഗീകാരം ലഭിയ്ക്കില്ലെന്നുറപ്പായതോടെ ഹർജിക്കാരൻ മറ്റൊരു സ്കൂളിൽ ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞതായി റിപ്പോർട്ടുണ്ട്. ടിയാന്റെ നിയമനപ്രൊപ്പോസൽ മാനേജർ വിദ്യാഭ്യാസ ഓഫീസിൽ നിന്നും തിരികെ കൈപ്പറ്റുകയും ചെയ്തു. ഇപ്രകാരം അന്തിമതീർപ്പായിക്കഴിഞ്ഞ ഒരു നിയമന അംഗീകാര പ്രൊപ്പോസലിനെ പുനരുജ്ജീവിപ്പിക്കുന്ന വിഷയമാണ് ഇവിടെ പരിഗണനയ്ക്ക് വന്നിട്ടുള്ളത്.

6) പ്രൊട്ടക്റ്റഡ് റ്റീച്ചർമാരെ മാത്രം നിയമിക്കേണ്ടതായ ഒഴിവിലേയ്ക്ക് 2016-2017 മുതൽ 2019-20 വരെ മാനേജർമാർ നടത്തിയ നിയമനങ്ങൾ ചില വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം GO(P) No. 04/2021 dated 06/02/2021 എന്ന ഉത്തരവിലൂടെ നൽകിയിട്ടുണ്ട്. ഈ വ്യവസ്ഥകളിൽ സുപ്രധാനമായ ഒന്നാണ് പകരമായി പ്രൊട്ടക്റ്റഡ് റ്റീച്ചർമാരെ നിയമിച്ചുകൊള്ളാമെന്നുള്ള സത്യപ്രസ്താവന മാനേജർ ഫയൽ ചെയ്യണമെന്നത്. പക്ഷെ, മാനേജർ പ്രസ്തുത ഉത്തരവ് പ്രകാരം സമ്മതപത്രം സമർപ്പിച്ചിട്ടില്ല എന്ന് വിദ്യാഭ്യാസ അധികൃതർ വ്യക്തമാക്കുന്നു. കൂടാതെ, 13/06/2019 ലെ 3/2019-20 കത്ത് പ്രകാരം ശ്രീ. അരുൺ രാജ് 2019-2020 അദ്ധ്യയന വർഷാരംഭം മുതൽ ജോലിയിൽ തുടരുന്നില്ലെന്ന് അറിയിച്ചുകൊണ്ട് രാജിക്കത്ത് നൽകിയതായും സ്കൂളിൽ വരാതിരിക്കുകയാണെന്നും മാനേജർ അറിയിച്ചിട്ടുണ്ട് എന്നുള്ള വസ്തുതയും റിപ്പോർട്ടുകളിൽ നിന്നും

വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ ടിയാനെ നിയമിച്ച ഉത്തരവ് മടക്കി നൽകണമെന്നാവശ്യപ്പെട്ട് മാനേജർ കത്ത് നൽകിയത് പ്രകാരം ടി നിയമന പ്രൊപ്പോസൽ വിദ്യാഭ്യാസ ഓഫീസർ തിരികെ നൽകിക്കഴിഞ്ഞെന്ന് നേരത്തേ സൂചിപ്പിച്ചു. അതായത്, ഫലത്തിൽ, കെ.ഇ. ആർ അദ്ധ്യായം XIV A ചട്ടം. 8 പ്രകാരം പരിഗണിക്കാനായി ഹർജിക്കാരന്റെ നിയമന പ്രൊപ്പോസൽ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ നിലവിലില്ല. ഇതിനൊക്കെ പുറമെ, ഹർജിക്കാരൻ നിലവിൽ മലപ്പുറം ജില്ലയിൽ എൽ.പി.എസ്.ടി ആയി ജോലി ചെയ്ത് വരുന്നതായി അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ട വിവരം വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. പ്രസ്തുത വിവരം മുകളിൽ വിവരിച്ചതായ സംഭവവികാസങ്ങളെ ശരിവയ്ക്കുന്നതായി കാണപ്പെടുന്നു.

7) മേൽ വിവരിച്ച സാഹചര്യങ്ങളിൽ കൊല്ലം കടയ്ക്കോട് എസ് എൻ സംസ്കൃത ഹൈസ്കൂളിലെ യു പി എസ് ടി ശ്രീ അരുൺരാജ് ആർ സമർപ്പിച്ച എക്സിബിറ്റ്.പി.9-ലെ ആവശ്യം നിരസിച്ചുകൊണ്ട് അപ്രകാരം പരാമർശം (2) കോടതി വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്.വി

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.

പൊതു വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ, കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര , കൊല്ലം

ശ്രീ അരുൺരാജ് ആർ, , യു പി എസ് ടി , എസ് എൻ സാൻസ്ക്രിറ്റ് എച് എസ് കടയ്ക്കോട് ,കടയ്ക്കോട്പി ഓ , കുണ്ടറ ,കൊല്ലം

മാനേജർ, എസ് എൻ സാൻസ്ക്രിറ്റ് എച് എസ് കടയ്ക്കോട്, കടയ്ക്കോട് പി ഓ , കുണ്ടറ ,കൊല്ലം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 10-01-2022 11:04:42
Reason: Approved

സെക്ഷൻ ഓഫീസർ